പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള ഭൂമി

661 [633] ശ്രീമതി ഗൗരിഅമ്മ തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ ഭൂമി ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ പട്ടയം കിട്ടിയിട്ടുള്ള ഭൂമി എത്ര ഹെക്ടർ;

(സി) 1975-ൽ ഗിരിവർഗ്ഗക്കാരുടെ കൈവശഭൂമി എത്ര ഹെക്ടർ ആയിരുന്നു. അതിൽ പട്ടയം ലഭിച്ചിരുന്നത് എത്ര ഹെക്ടർ സ്ഥലത്തിനാണ്;

(ഡി) പട്ടികവർഗ്ഗക്കാർക്ക് പതിച്ചുകൊടുത്തിട്ടുള്ളതും കൈവശമുണ്ടായിരുന്നതുമായ സ്ഥലത്തിൽ നിന്നും എത്ര ഹെക്ടർ സ്ഥലം 1975-നു ശേഷം കൈമാറ്റം ചെയ്തിട്ടുണ്ട്;

(ഇ) പട്ടിക വർഗ്ഗക്കാരുടെ ഭൂമി കൈമാറ്റം ചെയ്യുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമം ഇനിയും നടപ്പിൽ വന്നിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ജി) നേരത്തേ പാസ്സാക്കപ്പെട്ടിരുന്ന നിയമത്തിനുണ്ടായിരുന്ന മുൻ പ്രാബല്യം എന്നു മുതലായിരുന്നു;

(എച്ച്) ഇപ്പോൾ അതിന് വ്യത്യാസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 1-1-1982 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി, എച്ച്) 1-1-1960-നും കേരള ഗിരിജന ഭൂമി വീണ്ടെടുക്കൽ നിയമം നിലവിൽ വരുന്നതിനും ഇടയ്ക്ക് ഒരു ഗിരിജൻ മറ്റൊരു ഗിരിജനൊഴികെ മറ്റാർക്കെങ്കിലും ഭൂമി കൈവശമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമി ഗിരിജന ഉടമയ്ക്ക് തിരികെ ലഭിക്കുമെന്നാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. 24-1-1986-ൽ പുറപ്പെടുവിച്ച 89-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസ്തുത നിയമം 1-1-1932 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം മാത്രമാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. നിയമത്തിൽ വ്യത്യാസം വരുത്തിയിട്ടില്ല.

പട്ടയ വിതരണം നടന്നുവരുന്ന ജില്ലകൾ

662 [634] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ പട്ടയ വിതരണം നടന്നുവരുന്നത്;

(ബി) ഇടുക്കി ജില്ലയിൽ പട്ടയ വിതരണം നിർത്തി വച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അങ്ങനെ ചെയ്യാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly